## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5317** — **27.07.2015-ൽ മറുപടിക്ക്**

### നീലേശ്വരം പാലത്തിന്റെ ശോച്യാവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
| (എ) | ദേശീയ പാത 66 ൽ നീലേശ്വരം പാലം കാലപ്പഴക്കത്താൽ ഗതാഗതയോഗ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേശീയ പാത 66 ൽ നീലേശ്വരം പാലം ഘടനാപരമായി ഇപ്പോൾ കുഴപ്പമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്. |
| (ബി) | പ്രസ്തുത പാലം എന്നാണ് നിർമ്മിച്ചതെന്നും നിലവിൽ പാലം ദേശീയ പാതയിലെ ഭാരമേറിയ വാഹനങ്ങൾ കടന്നുപോകത്തക്കരീതിയിൽ ഫിറ്റ്നസ്സ് ഉള്ളതാണോ എന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പാലം നിർമ്മിച്ചത് 1957-ൽ ആണ്. നിലവിലുള്ള പാലം ദേശീയ പാതയിലെ ഭാരമേറിയ വാഹനങ്ങൾ കടന്നു പോകത്തക്ക രീതിയിൽ ഫിറ്റ്നസ് ഉള്ളതാണ്. |
| (സി) | പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത പാലത്തിന്റെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗതാ മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ